# സൈബറിടത്തിലെ സ്ത്രീസങ്കല്പം

## (തെരഞ്ഞെടുത്ത സൈബർകവിതകളെ  മുൻനിർത്തിയുള്ള പഠനം)

സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം)മലയാള ബിരുദാനന്തരബിരുദത്തിന്റെ

ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**അപർണ പി.ജി**

**രജിസ്റ്റർ നമ്പർ: SM21MAL002**



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# സൈബറിടത്തിലെ സ്ത്രീസങ്കല്പം

## (തെരഞ്ഞെടുത്ത സൈബർകവിതകളെ മുൻനിർത്തിയുള്ള പഠനം)

സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തരബിരുദത്തിന്റെ

ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**അപർണ പി.ജി**

**രജിസ്റ്റർ നമ്പർ : SM21MAL002**



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**


**2023**

## പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

02.08.2023

എറണാകുളം

**അപർണ പി.ജി**

രണ്ടാംവർഷ മലയാളം

ബിരുദാനന്തരബിരുദം

# സാക്ഷ്യപത്രം

**ദർശന തമ്പി.എ**

അസിസ്റ്റന്റ് പ്രൊഫസർ

മലയാളവിഭാഗം

സെന്റ്. തെരേസാസ് കോളേജ്, (സ്വയംഭരണം)

എറണാകുളം

സെന്റ്. തെരേസാസ് കോളേജ്(സ്വയംഭരണം) മലയാളം ബിരുദാനന്തരബിരുദത്തിന്റെ ഭാഗികപൂരണത്തിനായി അപർണ പി.ജി സമർപ്പിക്കുന്ന ' സൈബറിടത്തിലെ സ്ത്രീ സങ്കല്പം - തെരഞ്ഞെടുത്ത സൈബർകവിതകളെ മുൻനിർത്തിയുള്ള പഠനം 'എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി പൂർണ്ണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

02.08.2023

എറണാകുളം **ദർശന തമ്പി .എ**

## കൃതജ്ഞത

ഈ പ്രബന്ധരചനയക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ദർശന തമ്പിയോടും പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറിവിഭാഗം ഉദ്യോഗസ്ഥരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

എറണാകുളം

02.08.2023

**അപർണ പി.ജി**

രണ്ടാം വർഷ മലയാളം

ബിരുദാനന്തരബിരുദം

## ഉള്ളടക്കം


**ആമുഖം** **I-II**

1 പഠനലക്ഷ്യം

2 പഠനത്തിന്റെ പ്രസക്തി

3 പരികല്പന

4 പഠനമേഖല

5 പഠനരീതി

6 പ്രബന്ധസ്വരൂപം

**അദ്ധ്യായം ഒന്ന്** **1-7**

സൈബറിടവും സൈബർസംസ്കാരവും

1.1 സൈബറിടത്തിന്റെ ഉദയം

1.2 സൈബർസംസ്കാരം

1.3 സൈബർസാഹിത്യം

1.4 ബ്ലോഗ് എഴുത്തുകൾ

1.5 സൈബർകൃതികൾ മലയാളത്തിൽ

1.6 ബ്ലോഗിടത്തിലെ മലയാളകവിത

**അദ്ധ്യായം രണ്ട്** **8-27**

സൈബർ കവിതകളിലെ സ്ത്രീസ്വത്വം

1.1സ്ത്രീ സ്വത്വസങ്കല്പം വിഷ്ണുപ്രസാദിന്റെ കവിതകളിൽ

1.2കുഴൂർ വിൽസന്റെ കവിതകളിലെ സ്ത്രീസങ്കല്പങ്ങൾ

1.3ദേവസേനയുടെ കവിതകളിലെ സ്ത്രീ

1.4സാമൂഹ്യമാധ്യമയിടങ്ങളിലെ കവിതകൾ

| | |
|---|---|
| **ഉപസംഹാരം** | **28-29** |
| **ഗ്രന്ഥസൂചി** | **30** |
| **ലേഖനസൂചി** | **31** |

# ആമുഖം

# ആമുഖം

ആധുനികജനജീവിതത്തെ വളരെയധികം സ്വാധീനിക്കുന്ന ഒന്നാണ് ഇന്റർനെറ്റും അതുമായി ബന്ധപ്പെട്ട് രൂപം കൊണ്ട സൈബർസ്പെയ്സും.വിദ്യാഭ്യാസം, വാണിജ്യം, ആരോഗ്യം എന്നീ മേഖലകളിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ ഇന്റർനെറ്റിന് കഴിഞ്ഞു. കലയും സാഹിത്യവും സാങ്കേതിക സഹായത്തോടെ ഡിജിറ്റൽവത്കരണത്തിന് വിധേയമായ കാലത്തിലാണ് സൈബർസാഹിത്യം രൂപം കൊള്ളുന്നത്. ബ്ലോഗ്, ഫേസ്ബുക്ക് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളാണ് സൈബർസാഹിത്യത്തിന്റെ പ്രധാന പ്രസാധനയിടങ്ങൾ. സൈബർസാഹിത്യത്തിന്റെ നല്ലൊരു ശതമാനവും കവിതകളാണെന്ന് പറയാം.

സമകാലിക രാഷ്ട്രീയവ്യവസ്ഥിതികളോടുള്ള പ്രതികരണങ്ങളും നീതിനിഷേധത്തിനെതിരെയുള്ള പ്രതിഷേധങ്ങളുമാണ് ഭൂരിഭാഗം സൈബർകവിതകളുടെയും പ്രമേയം. സ്വതന്ത്രമായ പ്രസാധനയിടങ്ങളായ സാമൂഹ്യമാധ്യമങ്ങളിലും ബ്ലോഗുകളിലും പ്രത്യക്ഷപ്പെടുന്ന കവിതകൾ സൈബർസാഹിത്യത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്.

## 1. പഠനലക്ഷ്യം

മലയാളസാഹിത്യലോകത്ത് ഇന്റർനെറ്റിന്റെ സ്വാധീനം ഏറ്റവുമധികം കടന്നുചെന്നത് കവിതയിലാണ്.സമകാലിക വിഷയങ്ങളാണ് സൈബർകവിതകളിലധികവും കൈകാര്യം ചെയ്യുന്നത്.സ്ത്രീ കേന്ദ്രീകൃതമായ നിരവധി കവിതകൾ സൈബറിടങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സൈബറിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീ കേന്ദ്രീകൃതമായ കവിതകളെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചിരിക്കുന്നത്.

## 2. പഠനത്തിന്റെ പ്രസക്തി

സമൂഹത്തിൽ നിന്നും പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീകളുടെ നൊമ്പരങ്ങളും ചിന്തകളുമെല്ലാം സ്വതന്ത്രമായി അവതരിപ്പിക്കാനുള്ളൊരു ഇടമാണ് ഇന്ന് സൈബറിടം. സ്ത്രീ കേന്ദ്രീകൃതമായ സൈബർകവിതകളെ മുൻനിർത്തിയുള്ള പഠനം ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഈ പഠനത്തിന്റെ പ്രസക്തി.

## 3. പരികല്പന

മലയാളത്തിലെ തിരഞ്ഞെടുത്ത സൈബർകവിതകളെ മുൻനിർത്തി സ്ത്രീ കേന്ദ്രീകൃത മായ രചനങ്ങളെ നിരീക്ഷിക്കുക എന്നതാണ് ഈ പഠനത്തിന് ആധാരമായുള്ള പരിക ല്പന.

### 4. പഠനമേഖല

'സൈബറിടത്തിലെ സ്ത്രീസങ്കല്പം തിരഞ്ഞെടുത്ത സൈബർകവിതകളെ മുൻ നിർത്തിയുള്ള പഠനം' എന്ന ഈ പ്രബന്ധത്തിൽ സൈബറിടങ്ങളെ അപഗ്രഥിക്കുന്ന തിനൊപ്പം തിരഞ്ഞെടുത്ത സ്ത്രീ കേന്ദ്രീകൃതമായ സൈബർകവിതകളെ സവിശേഷമാ യി വിശകലനം ചെയ്യുകയും ചെയ്യുന്നു.

### 5. പഠനരീതി

സൈബറിടത്തിൽ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീ കേന്ദ്രീകൃതമായ കവിതകളെ വിശക ലനം ചെയ്യുകയും അവ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ പരിശോധിക്കുകയും ചെയ്യുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

### 6.പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ രണ്ട് അദ്ധ്യായങ്ങളാണ് ഈ പ്രബന്ധ ത്തിൽ ഉള്ളത് .ഒന്നാം അധ്യായം 'സൈബറിടവും സൈബർസംസ്കാരവും' എന്നതാ ണ്. സൈബറിടത്തിന്റെ ഉദയത്തെക്കുറിച്ചും സൈബർസാഹിത്യം , സംസ്കാരം എന്നി ങ്ങനെ സൈബർ സങ്കല്പങ്ങളെയും രചനകളെയും ഈ അദ്ധ്യായത്തിൽ വിവരിക്കു ന്നു. സൈബർ കവിതകളിലെ സ്ത്രീസ്വത്വം എന്ന രണ്ടാം അദ്ധ്യായത്തിൽ തിരഞ്ഞെടു ത്ത സ്ത്രീ കേന്ദ്രീകൃതമായ സൈബർകവിതകളെ വിശദീകരിക്കുകയും അവ അവതരി പ്പിക്കുന്ന ആശയങ്ങളെ അപഗ്രഥിക്കുയും ചെയ്യുന്നു. ഉപസംഹാരത്തിൽ പഠനത്തിൽ നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നു.ഗ്രന്ഥസൂചി, ലേഖനസൂചി എന്നി വയോടെ പ്രബന്ധം അവസാനിക്കുന്നു.

# അദ്ധ്യായം ഒന്ന്

# സൈബറിടവും സംസ്കാരവും

## അദ്ധ്യായം ഒന്ന്

## സൈബറിടവും സംസ്കാരവും

സാങ്കേതികത്വത്തെക്കാളധികം സൈബറിടം അതിന്റെ സാമൂഹികമായ ഇടപെടലുകൾ കൊണ്ടാണ് നിർവചിക്കപ്പെടുന്നത്.ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള നിരവധി ആളുകൾക്ക് പരസ്പരം സംവദിക്കാനുള്ള ഇടമാണ് സൈബർസ്പെയ്സ്.

### 1.1 സൈബറിടത്തിന്റെ ഉദയം

[1]അമേരിക്കയിലെ പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിൽ 1946നാണ് ആദ്യത്തെ കമ്പ്യൂട്ടർഏനിയക് (ENIAC) നിർമ്മിക്കപ്പെട്ടത്. നാല് കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിച്ച് അമേരിക്കൻ പ്രതിരോധ വകുപ്പിന്റെ ഗവേഷണ വിഭാഗം അതിലൂടെ വിവരങ്ങൾ പരസ്പരം കൈമാറി.1969ൽ നിർമ്മിച്ച ഈ കുഞ്ഞ് നെറ്റ്വർക്കിനെ അർപാനെറ്റ് (ARPANET- Advanced Research Program Agency Network) എന്ന് വിളിച്ചു.

അർപാനെറ്റിനെക്കുറിച്ചുള്ള ആദ്യ പരസ്യപ്രദർശനം 1971ൽ വാഷിംഗ്ടണിൽവെച്ച് നടന്നു. കമ്പ്യൂട്ടറുകൾ പരസ്പരവിനിമയം നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ' ഇന്റർനെറ്റ് പ്രോട്ടോകോൾ ' എന്ന പേരിൽ വികസിപ്പിച്ചെടുത്തോടെ ഈ ശൃംഖലയെ 'ഇന്റർനെറ്റ്' എന്ന പേരിൽ പരാമർശിക്കുവാൻ തുടങ്ങി. ഇന്റർനെറ്റിന്റെ പിതാവായി വിശേഷിപ്പിക്കുന്നത് 1972ൽ ഇന്റർനെറ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ മേധാവിയായി നിയമിതനായ 'വിന്റൺ സെർഫി 'നെയാണ്. 'മിൽനെറ്റ് ' എന്ന പുതിയൊരു ശൃംഖല പ്രതിരോധ ആവശ്യങ്ങൾക്കായി രൂപീകരിച്ചശേഷം അമേരിക്കൻപ്രതിരോധവകുപ്പ് സർവകലാശാലകൾക്കും ഗവേഷണസ്ഥാപനങ്ങൾക്കുമായി ഇന്റർനെറ്റ് വിട്ടുകൊടുത്തു.1991ൽ ടിംബെർണേഴ്സ് , വേൾഡ് വൈഡ് വെബ് എന്നിവ കൂടി ഉൾച്ചേർന്നതോടെ ഇന്റർനെറ്റിന് അത്ഭുതകരമായ പ്രചാരം കൈവന്നു[1]

ഇന്ന് പൊതുവേ ഇന്റർനെറ്റ് ലോകത്തെ വിളിക്കുന്ന പേരാണ് 'സൈബർസ്പെയ്സ്.' 1980കളിൽ പ്രസിദ്ധീകരിക്കപ്പെട്ട വില്യം ഗിബ്സെന്റ 'ന്യൂറോമാൻസർ' എന്ന ശാസ്ത്രനോവലിലാണ് ' സൈബർസ്പെയ്സ് ' എന്ന പദം ആദ്യമായി ഉപയോഗിച്ചു

കാണുന്നത്. 'ന്യൂറോമാൻസർ' എന്ന നോവലിനു ശേഷം പിന്നീട് പല കൃതികളിലും ഈ പദം ഉപയോഗിക്കുകയുണ്ടായി. സൈബറിടത്തിൽ ആശയങ്ങൾ പങ്കുവയ്ക്കുകയും ,വിവരങ്ങൾ കൈമാറുകയും സംവദിക്കുകയും ചെയ്യുന്നവരെ 'സൈബർനട്ട്സ്" (cybernauts) എന്നും സൈബർസ്പെയ്സിൽ പാലിക്കേണ്ട മര്യാദകളെ 'സൈബർ എത്തിക്സ്" (cyber ethics) എന്നും വിളിച്ചുവരുന്നു.[2]

### 1.2 സൈബർസംസ്കാരം

കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ഉപയോഗവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒന്നാണ് സൈബർസംസ്കാരം.ഇന്റർനെറ്റിന്റെയും സൈബർസ്പെയ്സിന്റെ ഉപയോഗം ഭാഷ, സാഹിത്യം, ജീവിതരീതി എന്നിവയിലുളവാക്കിയ പരിണാമങ്ങളാണ് ' സൈബർബർസംസ്കാരം ' എന്ന പദത്തിലൂടെ വിവക്ഷിക്കുന്നത്.

സൈബർസംസ്കാരത്തിന്റെ രൂപീകരണത്തിൽ കമ്പ്യൂട്ടർ ഒരു പ്രധാന ഇടനിലക്കാരനായി വർത്തിക്കുന്നു.സൈബർസംസ്കാരത്തിന്റെ കടന്നുകയറ്റം ജീവിതരീതിയിലും വിദ്യാഭ്യാസമേഖലകളിലും വാണിജ്യ മേഖലകളിലുമെല്ലാം തന്നെ വലിയ മാറ്റങ്ങളാണ് വരുത്തി കൊണ്ടിരിക്കുന്നത്.ഇന്ന് പലരുടെയും ദിവസം തുടങ്ങുന്നത് തന്നെ സൈബർ ലോകത്തുനിന്നാണ്.രാഷ്ട്രീയനീക്കങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളുമടക്കം മറ്റുപല അനുദിനസംഭവങ്ങളും നാം അറിയുന്നത് തന്നെ സൈബറിടങ്ങളിൽ നിന്നാണ്.

വിദ്യാഭ്യാസം പോലും സൈബറിടങ്ങളിലേക്ക് മാറ്റപ്പെട്ടതോടെ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും കൈകാര്യം ചെയ്യാൻ ആരംഭിച്ചു. ഇതുകൂടാതെ ബില്ല് പെയ്മെന്റ് , ടിക്കറ്റ് ബുക്കിംഗ് തുടങ്ങി പലവിധ സൗകര്യങ്ങളും ഇന്റർനെറ്റ് ലഭ്യമാക്കി തുടങ്ങിയതോടെ സൈബർസംസ്കാരം ജനജീവിതത്തെയും ഗണ്യമായി സ്വാധീനിച്ചു. സൈബർസംസ്കാരത്തിന്റെ അതിപ്രസരം ജനജീവിതത്തിലെന്നപോലെ നമ്മുടെ വാണിജ്യ മേഖലയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു.

ആമസോൺ, ഫ്ളിപ്കാർട്ട് പോലുള്ള ഓൺലൈൻ സംവിധാനങ്ങൾ നിലവിൽ വന്നതോടെ പുതിയൊരു വാണിജ്യസംസ്കാരം സൃഷ്ടിക്കപ്പെട്ടു.സ്ഥലകാല പരിമിതികളില്ലാതെ വ്യാപാരം നടത്താൻ ഇത്തരം വാണിജ്യ സങ്കേതങ്ങൾ സൗകര്യം ഒരുക്കി. വിദ്യാഭ്യാസ മേഖലയിലും വാണിജ്യമേഖലയിലും എന്നപോലെ ആരോഗ്യമേഖലയിലും

,തൊഴിൽമേഖലയിലും ബാങ്കിംഗ്മേഖലയിലുമെല്ലാം സൈബർസംസ്കാരം ഇന്ന് വളരെയേറെ സ്വാധീനം ചെലുത്തുന്നുണ്ട്.

### 1.3 സൈബർസാഹിത്യം

സൈബർസംസ്കാരത്തിന്റെ കടന്നുകയറ്റം നമ്മുടെ ഭാഷയിലും സാഹിത്യത്തിലും രൂപപരമായും ആഖ്യാനപരമായും നിരവധി **പരിണാമങ്ങൾക്ക് വഴിതെളിച്ചു. സൈബർസംസ്കാരം** നമ്മുടെ ഭാഷയെയും സാഹിത്യത്തെയും സ്വാധീനിച്ചതിന്റെ പരിണിതഫലമാണ് 'സൈബർസാഹിത്യം.' സാങ്കേതികവിദ്യയുടെ പുതിയ സാധ്യതകൾ രൂപം നൽകിയിരിക്കുന്ന ഒരു സാഹിത്യജനുസ്സായും സൈബർസാഹിത്യത്തെ വിശേഷിപ്പിക്കാം.[3] നെറ്റിസൺമാരാൽ നിർമ്മിക്കപ്പെടുന്ന സാഹിത്യം, സൈബർസ്പെയ്സിന്റെ അജ്ഞാതമായ പശ്ചാത്തലത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും സംവദിക്കപ്പെടുകയും ചെയ്യുന്ന സാഹിത്യം,മൗലികമായി ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന സാഹിത്യം എന്നിങ്ങനെ സൈബർസാഹിത്യത്തിന് വ്യത്യസ്ത നിർവചനങ്ങൾ നൽകി കാണുന്നു.[4]

'സൈബർസാഹിത്യം' എന്ന പദം ഇന്റർനെറ്റിൽ ബ്ലോഗ് ,വെബ്മാഗസിൻ , വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സാഹിത്യരചനകളെ കുറിക്കാനാണ് പൊതുവേ ഉപയോഗിക്കുന്നത്. വാമൊഴി , വരമൊഴി എന്ന് സാഹിത്യത്തെ വിഭജിക്കുന്നത് പോലെയുള്ള ഒരു വിഭജനമാണിത്. ഒരേ കവിത അച്ചടിമാധ്യമത്തിലും ബ്ലോഗിലും പ്രസിദ്ധീകരിച്ചാൽ ബ്ലോഗിലേത് സൈബർസാഹിത്യത്തിൽപെടുന്നു.സ്ഥലകാല സങ്കല്പത്തിൽ അച്ചടിമാധ്യമത്തിൽ നിന്ന് വ്യത്യസ്തമായ ഒരു തലം , പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം,പുതുക്കലുകൾക്കുള്ള സാധ്യത , വായനരീതിയിലുള്ള മാറ്റം, ഹൈപ്പർ ടെക്സ്റ്റ് സാധ്യതകൾ തുടങ്ങിയവയൊക്കെ സൈബർസാഹിത്യത്തെ അച്ചടിസാഹിത്യത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നു.**5**

അന്നുവരെ നിലനിന്നിരുന്ന സാഹിത്യത്തിന്റെ സാധ്യതകളെ പൊളിച്ചെഴുതുന്ന ഒന്നാണ് സൈബർസാഹിത്യം .ഡിജിറ്റൽസാഹിത്യവുമായി ബന്ധപ്പെട്ട എന്തിനെയും സൈബർസാഹിത്യം എന്നുവിളിക്കാം.ഭാഷയും സൈബർസംസ്കാരവും പരസ്പരം ഇടകലർന്നതിന്റെ ഫലമാണ് സൈബർസാഹിത്യം.കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം ജീവിതരീതിയിൽ കൊണ്ടുവന്ന പരിണാമങ്ങളാണ് സൈബർസാഹിത്യ രചനകളുടെ അടിസ്ഥാനം.

## 1.4ബ്ലോഗ് എഴുത്തുകൾ

സൈബർസാഹിത്യത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നത് ബ്ലോഗ് എഴുത്തുകളാണ് . തൊണ്ണൂറുകളിൽ വികാസം പ്രാപിക്കുകയും പ്രസാധക കുത്തകകൾക്ക് കനത്ത വെല്ലുവിളി ഉയർത്തിക്കൊണ്ട് മുന്നേറുകയും ചെയ്യുന്ന വിവരസാങ്കേതിക വിദ്യയുടെ ഉല്പന്നമാണ് ബ്ലോഗ്.ഇന്റർനെറ്റിൽ പ്രസിദ്ധീകരണ പ്രവണതയിലും സാഹിത്യഭാവുകത്വത്തിലും പുതുമ സൃഷ്ടിച്ച ഒരു മാധ്യമമാണിത്.[6]

വളരെ ചെറിയ രൂപത്തിലുള്ള വെബ്സൈറ്റുകളാണ് ബ്ലോഗുകൾ. വലിയ സാങ്കേതികപരിജ്ഞാനമോ പണച്ചെലവോ ഒരു ബ്ലോഗ് തുടങ്ങുവാൻ ആവശ്യമില്ല.സാധാരണ ഒരു ഇ-മെയിൽ അക്കൗണ്ട് തുടങ്ങുന്നത് പോലെ ആർക്കും ഇന്ന് ഒരു ബ്ലോഗ് തുടങ്ങാവുന്നതാണ്. സ്വന്തം രചനകൾ പ്രസിദ്ധീകരിക്കാൻ എഡിറ്ററുടെയോ പബ്ലിഷറുടെയോ സഹായം ഒരു ബ്ലോഗർക്ക് ആവശ്യമില്ല.അച്ചടി മാധ്യമത്തിൽ ഒരു രചന പ്രസിദ്ധീകരിച്ചാൽ അതിനെക്കുറിച്ചുള്ള പ്രതികരണം അറിയാൻ ഏറെ സമയമെടുക്കും. എന്നാൽ ആ സമയം ബ്ലോഗിലെ പോസ്റ്റുകൾക്ക് നിമിഷങ്ങൾക്കകം പ്രതികരണങ്ങൾ ലഭ്യമാകും.കൂടാതെ ബ്ലോഗിൽ പരസ്യങ്ങൾ അനുവദിക്കുന്നതു വഴി അതിലൂടെ വരുമാനം ഉണ്ടാക്കാനും സാധിക്കും.[7]

പണ്ടുകാലങ്ങളിൽ സാഹിത്യരചനയിൽ അഭിരുചിയുള്ളവർ മാത്രമേ സാഹിത്യസൃഷ്ടികൾ നടത്തിയിരുന്നുള്ളൂ.എന്നാൽ ഇത്തരം സംവിധാനങ്ങളുടെ കടന്നുവരവ് അല്പം സാഹിത്യവാസനകുറഞ്ഞവർക്കും സ്വന്തമായി എന്തും തുറന്നെഴുതാനുള്ള ഒരിടമായി ബ്ലോഗുകളെ മാറ്റുന്നു.

## 1.5 സൈബർകൃതികൾ മലയാളത്തിൽ

മലയാളസാഹിത്യം സൈബറിടങ്ങളിലേക്ക് മാറിയിട്ട് അധികം നാളുകളായിട്ടില്ല.മലയാളം അക്ഷരങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യാനുള്ള ബുദ്ധിമുട്ടായിരുന്നു ആദ്യകാലങ്ങളിൽ സൈബർസാഹിത്യത്തിനുണ്ടായ പ്രധാന വെല്ലുവിളി.എന്നാൽ മലയാളം യൂണികോഡിന്റെ കടന്നുവരവോടുകൂടി ഈ വെല്ലുവിളികളെ അതിജീവിക്കാൻ സൈബർസാഹിത്യത്തിന് കഴിഞ്ഞു.

ബ്ലോഗിങ്ങിൽ തുടങ്ങിയ മലയാളത്തിലെ സൈബർസാഹിത്യം പിന്നീട് പല മേഖലകളിലേക്കും വികസിച്ചു. ഇതിന്റെ ഫലമായി സൈബർ സങ്കല്പവുമായി ബന്ധപ്പെട്ട ഒട്ടേറെ കൃതികൾ മലയാളത്തിൽ രചിക്കപ്പെട്ടു.അത്തരത്തിൽ സൈബർ സ്വാധീനം മലയാള ചെറുകഥയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. കമ്പ്യൂട്ടറുകളുടെ കാലത്തെ പേടിയോടെ വീക്ഷിക്കുന്ന ഒരു കഥ 1990 കളിൽ ടി.വി കൊച്ചുബാവ എഴുതുകയുണ്ടായി.മലയാളത്തിലെ സൈബർരചനകളിൽ ശ്രദ്ധേയമായ മറ്റൊരു കഥയാണ് ടി.വി കൊച്ചുബാവയുടെ ' കൊക്കരണി ' . കമ്പ്യൂട്ടറിൽ രൂപകല്പന ചെയ്ത് കുഞ്ഞുങ്ങളെ നിർമ്മിക്കുന്നതിനെപ്പറ്റി' കൊക്കരണി ' എന്ന കഥയിൽ വിവരിക്കുന്നുണ്ട്. വി.വിനയകുമാറിന്റെ' കാശ്മീരി അംബ്രി ' ,എം നന്ദകുമാറിന്റെ 'വാർത്താളി സൈബർസ്പെയ്സിൽ ഒരു പ്രണയ നാടകം' ,സുനന്ദന്റെ 'വെള്ളിനേഴി ഡോട്ട് കോം ' , വിനു എബ്രഹാമിന്റെ 'ചില പ്രീ മോഡേൺ ഇടപെടലുകൾ' , ചന്ദ്രമതിയുടെ 'വെബസൈറ്റ് ' എന്നീ കഥകളെല്ലാം ഇത്തരത്തിൽ എഴുതപ്പെട്ടവയാണ്.[8]

കഥകളെ തുടർന്ന് നിരവധി സൈബർനോവലുകളും പ്രസിദ്ധീകരിക്കപ്പെട്ടു .എം. മുകുന്ദൻ എഴുതിയ ' നൃത്തം 'ആണ് മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ . അപ്രകാരം ഇന്ന് നിരവധി നോവലുകളും, കഥകളും, കവിതകളും സൈബർസാഹിത്യത്തിന്റെ ഭാഗമായുണ്ട്.

### 1.6 ബ്ലോഗിടത്തിലെ മലയാളകവിത

മലയാളസാഹിത്യലോകത്ത് ഇന്റർനെറ്റിന്റെ സ്വാധീനം ഏറ്റവുമധികം കടന്നുചെന്നത് കവിതയുടെ ലോകത്താണ് .മലയാളകവിതയുടെ വളർച്ചയിൽ വളരെ വലിയൊരു പങ്കാണ് സൈബർകവിതകൾക്കുള്ളത്. സൈബർ കവിതകളിൽ അധികവും പ്രസിദ്ധീകരിക്കപ്പെട്ടത് ബ്ലോഗുകളിലാണ്. മലയാളത്തിലെ ആദ്യ ബ്ലോഗ് പോസ്റ്റ് തന്നെ കവിതയായിരുന്നു. ഇന്ന് അച്ചടിമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിനേക്കാളധികമായി കവിതകൾ ബ്ലോഗുകളിലാണ് എഴുതപ്പെടുന്നത്.[9]സ്വതന്ത്രമായ ഇടം എന്നതാണ് അച്ചടി മാധ്യമങ്ങളെക്കാൾ ബ്ലോഗുകളിലേക്ക് എഴുത്തുകാരെ ആകർഷിക്കുന്നത്.

അച്ചടി മാധ്യമങ്ങളുടെ സഹായമില്ലാതെ തന്നെ കവിതകൾ ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കാൻ ബ്ലോഗുകൾ എഴുത്തുകാരനെ സഹായിക്കുന്നു.ആരെയും ഭയക്കാതെ എഴുതാനുള്ള സ്വതന്ത്രമായ ചുറ്റുപാട് ബ്ലോഗുകൾ തുറന്നു നൽകുന്നു.അ

ത്തരത്തിൽ മലയാളകവിതയെ സൃഷ്ടിപരമായി വളർത്തുന്നതിൽ ബ്ലോഗുകൾ വലിയ സംഭാവനകൾ നൽകുന്നു.ഇന്ന് പലവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ കവിതകൾ ബ്ലോഗിടത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

## കുറിപ്പുകൾ

1 സാം. എൻ.(എഡി), സമകാല മലയാളസാഹിത്യം, 2014, പുറം:218

2 .സാം. എൻ.(എഡി) ,സമകാല മലയാളസാഹിത്യം, 2014, പുറം:217

3 യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, സൈബർമലയാളം, പുറം:31

4 മനോജ് ജെ.പാലക്കുടി, മലയാള സൈബർസാഹിത്യം, 2018,

പുറം:36

5 യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, സൈബർമലയാളം, പുറം:31

6 വിശാൽ ജോൺസൺ,ഇന്റർനെറ്റ് വ്യവഹാരങ്ങളും മാറുന്ന മലയാളി ഭാവുകത്വവും, 2022, പുറം:30

7 സാം. എൻ.(എഡി), സമകാല മലയാളസാഹിത്യം, 2014, പുറം:224

8 യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, സൈബർമലയാളം, പുറം:34

9 മനോജ് ജെ. പാലക്കുടി, മലയാള സൈബർസാഹിത്യം, 2018, പുറം:187

# അദ്ധ്യായം രണ്ട്

# സൈബർ കവിതകളിലെ സ്ത്രീസ്വത്വം

## അദ്ധ്യായം രണ്ട്

## സൈബർ കവിതകളിലെ സ്ത്രീസ്വത്വം

### 1.1 സ്ത്രീസ്വത്വസങ്കല്പം - വിഷ്ണുപ്രസാദിന്റെ കവിതകളിൽ

1972 വയനാട്ടിലാണ് കവി വിഷ്ണുപ്രസാദിന്റെ ജനനം.ആനപ്പാറ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ പ്രൈമറി വിഭാഗം അധ്യാപകനാണ് .2006 മുതലാണ് അദ്ദേഹം ഓൺലൈനിൽ എഴുതി തുടങ്ങിയത്.' സമീപകവിത' എന്ന അദ്ദേഹത്തിന്റെ ബ്ലോഗിൽ നിരവധി കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'കുളം+പ്രാന്തത്തി' ആണ് അദ്ദേഹത്തിന്റെ ആദ്യത്തെ കവിതാസമാഹാരം. 'ചിറകുള്ള ബസ്,''നട്ടുച്ചകളുടെ പാട്ട് അഥവാ മീൻ പൊരിക്കുന്ന മണം','ലിംഗവിശപ്പ് ' എന്നിവ അദ്ദേഹത്തിന്റെ പ്രധാന കവിതാസമാഹാരങ്ങളാണ്. ബ്ലോഗ്കവിതാമേഖലയിലെ സജീവസാന്നിധ്യമാണ് വിഷ്ണുപ്രസാദ് .ആരും ചിന്തിക്കാത്ത വഴികളിൽ നിന്നാണ് അദ്ദേഹത്തിന്റെ ഓരോ കവിതയും പിറക്കുന്നത്.തന്റെ ചുറ്റുപാടും നടക്കുന്ന സംഭവങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് അവയെല്ലാംതന്നെ കവിതകളിലൂടെ അദ്ദേഹം വായനക്കാർക്ക് മുൻപിൽ എത്തിക്കുന്നു.

ഒന്നിനൊന്ന് വ്യത്യസ്തമായ കവിതകളാണ് വിഷ്ണുപ്രസാദിന്റേത്. അദ്ദേഹത്തിന്റെ കവിതകളിലധികവും സ്ത്രീപുരുഷ കേന്ദ്രീകൃതമാണ്. സ്ത്രീയെയും പുരുഷനെയും ചേർത്തുനിർത്തിക്കൊണ്ടുതന്നെ പുരുഷന്റെ ജീവിതത്തിൽ സ്ത്രീക്കുള്ള പങ്കിനെ അദ്ദേഹം കവിതകളിലൂടെ ഉയർത്തിക്കാണിക്കുന്നു.അദ്ദേഹത്തിന്റെ സ്ത്രീസങ്കല്പങ്ങളെ തുറന്നു കാണിക്കുന്ന ഒരു കവിതയാണ് ''പ്രേമപ്പനി''

' എല്ലാ പിണക്കത്തിന്റെയും

മൂന്നാംനാൾ

അയാൾക്ക് കൃത്യമായി പനി വരും

അപ്പോഴെല്ലാം അവൾ ഓടി വന്നു

ചുക്കുകാപ്പി ഉണ്ടാക്കികൊടുത്തു

പനി മാറി

പിണക്കവും മാറി '[1]

പ്രണയിക്കുന്നവർ തമ്മിൽ അടിക്കടി വഴക്കുണ്ടാകുന്നു.എല്ലാ പിണക്കങ്ങളുടെയും മൂന്നാംനാൾ കാമുകന് പനി പിടിപെടും.അപ്പോഴെല്ലാം തന്നെ അയാളെ പരിചരിക്കാനായി കാമുകി എല്ലാം മറന്ന് അയാൾക്കരികിലേക്ക് ഓടിയെത്തും. ചുക്കുകാപ്പി ഉണ്ടാക്കിക്കൊടുത്തും മറ്റും അയാളെ പരിചരിക്കും. അതോടെ അയാളുടെ പനി ഭേദമാകും. ഒപ്പം അവർ തമ്മിലുള്ള പിണക്കവും .

സ്ത്രീയുമായി അല്പനേരംഅകന്നിരിക്കുമ്പോൾ പോലും അസ്വസ്ഥമാകുന്ന പുരുഷ മനസ്സിന്റെ ചിത്രം വരികളിലുണ്ട്.ഒരു പുരുഷന്റെ ജീവിതത്തിൽ സ്ത്രീയുടെ സാമീപ്യം എത്രത്തോളം പ്രാധാന്യമർഹിക്കുന്നു എന്നത് ഈ വരികളിലൂടെ കവി വ്യക്തമാക്കുന്നു.

' എല്ലാതവണയും എന്താണിങ്ങനെ

വെറുതയിരുന്നപ്പോൾ അവൾ

ആലോചിച്ചു.

അയാൾ ഒരു വെണ്ണക്കട്ടിയാണ്

അവളില്ലാതെ അയാൾക്ക്

ജീവിക്കുവാൻ വയ്യ

സൂര്യവെളിച്ചത്തിലേക്ക് ഇറങ്ങിയാൽ

അലിഞ്ഞുപോയേക്കാവുന്ന ഒരു ജന്തു

അവൾക്കു ചിരി വന്നു.പ്രേമവും '[2]

എല്ലാ പിണക്കത്തിന്റെയും മൂന്നാംനാൾ കാമുകന് പനി പിടിപെടുന്നത് എന്താണെന്ന് വെറുതെയിരിക്കുമ്പോൾ കാമുകി ആലോചിക്കുന്നു.ഏറെ നേരത്തെ ചി

ന്തകൾക്കൊടുവിൽ അയാളൊരു  വെണ്ണക്കട്ടിയാണെന്നും സൂര്യവെളിച്ചത്തിലിറങ്ങിയാൽ അലഞ്ഞുപോകുമെന്നും അവൾ തിരിച്ചറിയുന്നു.

സൂര്യവെളിച്ചത്തിൽ അലഞ്ഞുപോയക്കാവുന്ന വെണ്ണക്കട്ടി പോലെ  നിസ്സാരനാണ് ഓരോ പുരുഷനും.സ്ത്രീയില്ലാതെ പുരുഷന് ജീവിതം ദുഷ്കരമാകുന്നു എന്ന തിരിച്ചറിവാണ് ഈ വരികളിൽ തെളിയുന്നത്.

‘ആണുങ്ങളോളം ദുർബലരായ

ജനവിഭാഗം ഭൂമിയിലില്ല.

ആരോടും ഇതു പറയുകയില്ലെങ്കിലും

അവൾ ഉറപ്പിച്ചു

അവൾക്കത്

നല്ല ആത്മവിശ്വാസവും നൽകി

അവളിപ്പോൾ കൂടുതൽ സുന്ദരിയായി

അവൾ ഒരു പാട്ട് പാടി

ഒന്നുകൂടി പിണങ്ങുവാൻ

എന്താണൊരു വഴി എന്നവൾ

ആലോചിച്ചു

ആ മൂന്നാംനാളിലെ പനിയോടാണ്

അവൾക്കിപ്പോൾ പ്രേമം‘[3]

ആണുങ്ങളുടെ അത്രയും ദുർബലരായ ജനവിഭാഗം ഈ ഭൂമിയിലില്ല  എന്ന് തിരിച്ചറിയുന്ന കാമുകി ഈ ഭൂമിയിൽ ആരോടും ഈ സത്യം പറയുകയില്ലെന്ന് ഉറപ്പിക്കുന്നു. ഈ തിരിച്ചറിവിൽ അവൾ ഒന്നുകൂടി സുന്ദരിയാവുകയും തന്റെ കാമുകനുമായി ഒരിക്കൽ കൂടി പിണങ്ങുവാൻ ആശിക്കുകയും ചെയ്തു .കാമുകനുമായുള്ള

പിണക്കത്തിന്റെ മൂന്നാംനാൾ കാമുകന് പിടിപെടുന്ന പനിയെയും ക്രമേണ അവൾ പ്ര ണയിക്കാൻ തുടങ്ങുന്നു.

കാമുകനുമായി പിണങ്ങുമ്പോൾ അദ്ദേഹത്തിന് പിടിപെടുന്ന പനിയിലൂടെയാണ് താൻ എത്രമാത്രം കാമുകന്റെയുള്ളിൽ വേണ്ടപ്പെട്ടവളാണെന്ന് കാമുകി പോലും തിരിച്ചറിയുന്നത്.കാമുകനുമായുള്ള പ്രേമത്തേക്കാളധികം അയാളുമായുള്ള പിണക്കത്തെ കാമുകി ഏറെ ഇഷ്ടപ്പെടാനുള്ള കാരണവും ഇതുതന്നെയാണ്.പുരുഷജീവിതത്തിൽ സ്ത്രീക്കുള്ള പങ്ക് ഉയർത്തി കാണിച്ചുകൊണ്ട് സ്ത്രീയെ മഹത്വവൽക്കരിക്കാനാണ് പ്രേമപ്പനി'' എന്ന കവിതയിലൂടെ വിഷ്ണുപ്രസാദ് ശ്രമിക്കുന്നത്.

സ്ത്രീയുടെ സാമീപ്യം പുരുഷജീവിതത്തെ സുഗന്ധപൂരിതവും വർണാഭവുമാക്കുന്ന അനുഭവങ്ങൾ വിശദീകരിക്കുന്ന മറ്റൊരു കവിതയാണ് വിഷ്ണുപ്രസാദിന്റെ 'അവൾ മുഖപ്പൂക്കൾ'. സ്ത്രീയെ ഒരു പൂവിതളുമായി താരതമ്യം ചെയ്യുകയാണീ കവിതയിൽ.

'അവളുടെ മുഖം മാത്രം മുന്നിൽ

അവളുടെ മുഖം ഒരു പൂവിതൾ

അത് തിരിഞ്ഞ് തിരിഞ്ഞ്

അഞ്ചിതളുകൾ നേടുന്ന

പൂവായി മാറുന്നു

എന്റെ മുറിയിൽ നോക്കുന്നിടത്തെല്ലാം

അവളുടെ മുഖം ഒരു പൂവിതൾ

ഒരു നിമിഷപ്പാതിക്കു ശേഷം

കറങ്ങിക്കങ്ങി പൂക്കളായിത്തീരുന്നു.

എന്റെ മുറി ഒരു പൂന്തോട്ടമാകുന്നു

അവളുടെ മുഖം കൊണ്ടുണ്ടാക്കിയ

അനേകം പൂക്കളുടെ പൂന്തോട്ടം ' [4]

കണ്ണുകൾക്ക് സന്തോഷവും കുളിർമയും പകരുന്നവയാണ് പൂക്കൾ. അതിസുന്ദരവും നിർമ്മലവുമായ ഒന്നാണ് പൂവിതൾ . കാണുന്നവരുടെ കണ്ണിന് കുളിർമ നൽകുന്നവളും സാമീപ്യം കൊണ്ട് ചുറ്റുമുള്ളവരെ സന്തോഷിപ്പിക്കുന്നവളുമായാണ് സ്ത്രീയെ ഈ കവിതയിൽ കവി ആവിഷ്കരിച്ചിരിക്കുന്നത്.

പൂവിതൾ പോലുള്ള അവളുടെ മുഖം മാത്രമാണ് അയാൾക്ക് ചുറ്റും നിറഞ്ഞു നിൽക്കുന്നത്.തന്റെ മുറിയിൽ നോക്കുന്നിടത്തെല്ലാം തന്നെ അവളുടെ മുഖം ഒരു പൂവിതളായി നിറഞ്ഞു നിൽക്കുന്നു.അങ്ങനെ അയാളുടെ മുറി അവളുടെ മുഖം കൊണ്ടുണ്ടാക്കിയ പൂന്തോട്ടമായി മാറുന്നു.അത്രത്തോളം നൈർമ്മല്യമുള്ളവളായാണ് വിഷ്ണുപ്രസാദ് സ്ത്രീയെ ഈ കവിതയിൽ ചിത്രീകരിച്ചിരിക്കന്നത്.

‘ഞാനതിൽ പാറി നടക്കുന്ന

ഒരേയൊരു ശലഭം

അടഞ്ഞുകിടക്കുന്ന ഈ മുറി

സുഗന്ധം നിറഞ്ഞ്

ഇപ്പോൾ പൊട്ടിത്തെറിക്കും ‘ [5]

കാമുകിയാകുന്ന പൂവിൽ പാറി നടക്കുന്ന ഒരേയൊരു ശലഭമാണ് കാമുകൻ. അടഞ്ഞുകിടക്കുന്ന കാമുകന്റെ മുറി സുഗന്ധം നിറഞ്ഞ് ഇപ്പോൾ പൊട്ടിത്തെറിക്കുമെന്ന് കവി പറയുന്നു.കാരണം അയാളുടെ മുറിയിൽ നിറയെ പൂവിതളാകുന്ന തന്റെ കാമുകിയുടെ ചിത്രമാണ്.കാമുകി അയാളുടെ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്നതാണ് ഈ വരികളിലൂടെ വ്യക്തമാകുന്നത്.

സ്ത്രീയുടെ ദയനീയാവസ്ഥകൾ വിവരിക്കുന്ന പതിവുരചനകളിൽ നിന്ന് വ്യത്യസ്തമാണ് വിഷ്ണുപ്രസാദിന്റെ കവിതകളെല്ലാം.സ്ത്രീയുടെ സാമീപ്യം പുരുഷ ഹൃദയത്തിലുണ്ടാക്കുന്ന ആനന്ദാനുഭൂതികളാണ് വിഷ്ണുപ്രസാദിന്റെ ' പ്രേമഷനി',' അവൾ മുഖപ്പൂക്കൾ' എന്നീ രണ്ടു കവിതകളിലും നിറഞ്ഞുനിൽക്കുന്നത്.

## 1.2 കുഴൂർ വിൽസന്റെ കവിതകളിലെ സ്ത്രീസങ്കല്പങ്ങൾ

കവി, ബ്ലോഗർ, നവമാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് കുഴൂർ വിൽസൺ. പതിനഞ്ചാംവയസിലാണ് അദ്ദേഹം കവിതകൾ എഴുതി തുടങ്ങുന്നത്. ഇംഗ്ലീഷ്, സ്പാനിഷ് ഉൾപ്പെടെ പതിമൂന്ന്ഭാഷകളിൽ അദ്ദേഹം പുസ്തകം പ്രസിദ്ധീകരിച്ചു.അത്തരത്തിൽ വിവിധ സർവ്വകലാശാലകളുടെ സിലബസുകളിൽ അദ്ദേഹത്തിന്റെ കവിതകൾ ഇന്ന് പാഠ്യവിഷയമാണ്.' ഉറക്കം ഒരു കന്യാസ്ത്രീ',' ഇ വിവർത്തനത്തിനു ഒരു വിഫലശ്രമം','പ്രവാസത്തിന്റെ കുറിപ്പുകൾ',' ആദ്യം മരിച്ചാൽ നിന്നെ ആരും നോക്കുമെന്നല്ലായിരുന്നു സങ്കടം','കുഴൂർ വിൽസെന്റ കവിതകൾ', 'വയലറ്റിനുള്ള കത്തുകൾ',' ഹാ വെള്ളം ചേർക്കാത്ത മഴ',' കുടപ്പന്റെ ടാഗുള്ള അരഞ്ഞാണം', 'തോറ്റവർക്കുള്ള പാട്ടു കുർബ്ബാന',' പച്ചപോലത്തെ മഞ്ഞ' എന്നിവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകളാണ്.

വ്യത്യസ്തമായ ശൈലീപ്രയോഗം കൊണ്ടും വാക്യഘടന കൊണ്ടും വേറിട്ട് നിൽക്കുന്ന ഒരു കവിയാണ് കുഴൂർ വിൽസൺ.കവിതകളിലൂടെ തന്റെ ചുറ്റുപാടുമുള്ള ലോകവുമായി അദ്ദേഹം സംവദിക്കുന്നു.കുഴൂർ വിൽസന്റെ ഓരോ കവിതകളിലും ഓരോ കഥകളുണ്ട്. വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടുപോകുന്ന സ്ത്രീയുടെ ദുരിതജീവിതമാണ് ' അവൾ വെജിറ്റേറിയനും ഭക്തയുമായത്' എന്ന കവിതയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

' കാക്കയ്ക്കും പൂച്ചയ്ക്കും

ചെതമ്പലുകളും ചെകിളയും

തല കൊച്ചുമോൾക്ക്

വാൽ മിടുക്കനായ മോന്

നടുക്കഷ്ണങ്ങൾ

അച്ഛനും കൂട്ടുകാരനും

വീതം വെച്ചുകഴിഞ്ഞപ്പോൾ

അവൾ വെജിറ്റേറിയനായി'[6]

വിവാഹശേഷം സാഹചര്യങ്ങൾക്കൊത്ത് വീടിന്റെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിക്കൂടി സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പോലും മാറ്റിവയ്ക്കേണ്ടി വരുന്ന ഒരു സ്ത്രീ യുടെ നൊമ്പരം ഈ കവിതയിലുണ്ട്.എല്ലാവിധ സൗകര്യങ്ങൾക്ക് നടുവിലും ഒന്നുമില്ലാ ത്തവളെപോലെ കഴിയേണ്ടിവരുന്ന ഒരു സ്ത്രീയെയാണ് കവിതയിൽ ആവിഷ്കരിച്ചി രിക്കുന്നത്.വീട്ടിൽ എല്ലാവർക്കുമായി വാങ്ങിയ മീൻ ഭാഗം വെച്ച് കഴിഞ്ഞപ്പോൾ അവ ൾക്ക് മാത്രം ഒന്നും കഴിക്കാൻ കിട്ടുന്നില്ല.അങ്ങനെ എല്ലാവർക്കും മുൻപിൽ അവൾ വെജിറ്റേറിയനാകുന്നു.

ജീവിതസാഹചര്യങ്ങൾക്കൊത്ത് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പോലും ത്യജിക്കുക യാണിവിടെ സ്ത്രീ.എല്ലാവർക്കും കൊടുത്തു കഴിഞ്ഞാൽ മിച്ചം വരുന്നത് ഉണ്ടെങ്കിൽ മാത്രം കഴിക്കാൻ കിട്ടുന്ന അല്ലെങ്കിൽ എല്ലാവരുടെയും എച്ചിലു മാത്രം കഴിക്കേണ്ടിവ രുന്ന ഒരു ജന്മമായി അവൾ മാറുന്നു. എച്ചിലുപോലും കിട്ടാത്ത സാഹചര്യങ്ങളിൽ വെജിറ്റേറിയനാകാനും അവൾ മടിക്കുന്നില്ല.

നമുക്ക് ചുറ്റും കാണുന്ന ഓരോ സ്ത്രീ ജീവിതങ്ങളും ഇത്തരത്തിലുള്ളവ യാണ് ജീവിതസാഹചര്യങ്ങൾ സ്ത്രീയെ തന്നിലേക്ക് തന്നെ ചുരുക്കിക്കളയുന്നു.

'നീ കഴിക്കാത്തതെന്തേ

എന്ന ചോദ്യത്തിനു

നൊയമ്പെടുത്തു

അമ്മയ്ക്കിതു വേണോയെന്ന

നിഷ്കളങ്കതയ്ക്ക് മുന്നിൽ

ഉപവാസം

പലനേരവും

ഒരു നേരം നോറ്റ്

അങ്ങനെ

അറിയപ്പെടുന്ന ഭക്തയുമായി'[7]

കുടുംബജീവിതത്തിലെ സ്ത്രീയുടെ നിസ്സഹായതയെ വെളിവാക്കുന്ന മറ്റൊരു ചിത്രം കൂടി കവിതയിൽ കുഴൂർ വിൽസൺ പങ്കുവയ്ക്കുന്നുണ്ട്.എല്ലാവർക്കുമായി വാങ്ങിയ മീൻ ഭാഗം വച്ച് കഴിഞ്ഞപ്പോൾ അവൾക്ക് മാത്രം ഒന്നും കഴിക്കാൻ കിട്ടുന്നില്ല. നീ കഴിക്കാത്തതെന്തേ എന്ന ചോദ്യത്തിന് നൊയമ്പെടുത്തു എന്നവൾ കളളം പറയുന്നു.അമ്മയ്ക്കിത് വേണോ എന്ന കുട്ടികളുടെ നിഷ്കളങ്കമായ ചോദ്യത്തിന് മുൻപിൽ ഉപവാസം എന്ന് മറുപടിയും.അങ്ങനെ പല നേരവും നോറ്റ് അവൾ അങ്ങനെ അറിയപ്പെടുന്ന ഭക്തയുമായി എന്ന് കവി ചൂണ്ടിക്കാണിക്കുന്നു.

ഓരോ സാഹചര്യങ്ങളാണ് ഓരോ സ്ത്രീക്കും പുതിയ പേരുകൾ നൽകുന്നത്. എല്ലാവർക്കും വേണ്ടി സ്വന്തം ഇഷ്ടാനിഷ്ടങ്ങൾപോലും ത്യജിക്കുകയാണിവിടെ സ്ത്രീ. ആഗ്രഹമുണ്ടെങ്കിൽ കൂടിയും സ്വന്തം ഇഷ്ടങ്ങളെ മറ്റുള്ളവർക്കായി മാറ്റിവയ്ക്കുന്നു .കുടുംബം എന്ന നാലുചുമരുകൾക്കുള്ളിൽ ചുരുങ്ങിപ്പോകുന്ന സ്ത്രീയുടെ ജീവിതദൈന്യമാണ് കുഴൂർ വിൽസന്റെ 'അവൾ വെജിറ്റേറിയനും ഭക്തയുമായത് എന്ന കവിത.

ചില സാഹചര്യങ്ങളിൽ സ്ത്രീ എല്ലാമെല്ലാമായി മാറുന്നുണ്ട്.അത്തരത്തിൽ സ്ത്രീയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് അടയാളപ്പെടുത്തുന്ന മറ്റൊരു കവിതയാണ് കുഴൂർ വിൽസന്റെ 'വീടുള്ള കവിതകൾ'.സ്ത്രീയില്ലെങ്കിൽ വീട് പോലും ഉറങ്ങിപ്പോകുന്ന ഒരു അവസ്ഥയെയാണ് കവിതയിൽ കുഴൂർ വിൽസൺ ചൂണ്ടിക്കാണിക്കുന്നത്.

'മുഷിഞ്ഞു കിടന്ന വീടിനെ

പെങ്ങൾ വന്ന് പൊടി തട്ടിയെടുക്കുന്നു

കറപിടിച്ചു കിടന്ന പാത്രങ്ങൾ കഴുകി

കമിഴ്ത്തി വച്ചു

പഞ്ചസാര അതിന്റെ സ്ഥലത്ത് തന്നെ

പോയി ഇരിപ്പായി

അടങ്ങി ഒതുങ്ങി ഇരിക്കുന്ന

തക്കാളിയെ കണ്ട്

ചിരി പൊട്ടി

വേലിത്തലപ്പിലെ പൂക്കൾ

അടുക്കളയിലേക്കൊളിഞ്ഞ് നോക്കി

അരി തിളച്ചു തൂവുന്നതിന്റെ മണം വിട്ട്

വീടതിന്റെ ഗമ കാട്ടി'[8]

ചിലയിടങ്ങളിൽ സ്ത്രീ ഇല്ലാത്ത വീടിനെപ്പറ്റി ചിന്തിക്കാൻ പോലും കഴിയുന്നില്ല അത്രനാളും കറപിടിച്ചു മുഷിഞ്ഞു കിടന്ന വീടിനെ പെങ്ങൾ വന്ന് പൊടിതട്ടിയെടുത്തപ്പോൾ എല്ലാം അതിന്റെ സ്ഥാനത്ത് തന്നെ പോയി ഇരിക്കുകയും വീട് അതിന്റേതായ ഗമ കാട്ടുകയും ചെയ്യുന്നു.

'പെങ്ങൾ പോയപ്പോൾ

വീട് വിങ്ങിപ്പൊട്ടി

വീടിന്റെ അമ്മയാണ്

വന്നു പോയതെന്ന്

കരച്ചിലിൽ തോന്നി'[9]

പെങ്ങൾ വീട്ടിൽ നിന്നും മടങ്ങിപ്പോയപ്പോൾ ആ വീട് തന്നെ വിങ്ങിപ്പൊട്ടി പോകുന്നു. ഒരമ്മ കുഞ്ഞിനെ എങ്ങനെയാണോ പരിചരിക്കുന്നത് അതുപോലെതന്നെയാണ് ഓരോ സ്ത്രീയും സ്വന്തം വീടിനെയും സംരക്ഷിക്കുന്നത്.എന്നാൽ ആ സത്യം ആരും തന്നെ തിരിച്ചറിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.ഒരു സ്ത്രീ ഇല്ലാതാകുമ്പോൾ അല്ലെങ്കിൽ അവരുടെ സാമീപ്യം ഇല്ലാതാകുമ്പോൾ മാത്രമേ അവർ എല്ലാമായിരുന്നു എന്ന സത്യം ഓരോരുത്തരും തിരിച്ചറിയുന്നുള്ളൂ എന്ന ചിന്തയാണ് കുഴൂർ വിൽസന്റെ 'വീടുള്ള കവിതകൾ' എന്ന കവിതയിൽ മുന്നോട്ട് വയ്ക്കുന്നത്.

വീട് എന്ന യാഥാർത്ഥത്തിൽ സ്ത്രീക്കുള്ള സ്ഥാനം ഉയർത്തി കാണിക്കുമ്പോൾ തന്നെ നമുക്ക് ചുറ്റുമുള്ള നിസ്സഹായരായ സ്ത്രീ ജീവിതങ്ങളുടെ നൊമ്പരങ്ങളും കുഴൂർ വിൽസൺ തന്റെ കവിതകളിൽ ഒപ്പിയെടുക്കുന്നുണ്ട്.അത്തരത്തിൽ സാധാരണക്കാരായ അല്ലെങ്കിൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന സ്ത്രീജീവിതത്തിന്റെ നേർചിത്രമാണ് 'പേടി' എന്ന കവിത.

'പേടിയാണെനിക്കു

പൈസയില്ലാത്ത എന്നെ

പലിശക്കാരന്റെ

അടിവസ്ത്രം പോലുമില്ലാത്ത തെറി

കഞ്ഞി വിളമ്പുന്ന

അമ്മയുടെ പിശുക്ക്

തേഞ്ഞ ചെരുപ്പിലേക്കുള്ള

ആ പെണ്ണിന്റെ നോട്ടം

പിച്ചക്കാരൻ

പരിഹാസച്ചിരി

വണ്ടിക്കാശ് കൊടുക്കുന്ന

കൂട്ടുകാരന്റെ തമാശ

ചായക്കടക്കാരൻ

കുമാരേട്ടന്റെ ദുർമുഖം

പേടിയാണെനിക്കു

പൈസയുള്ള നിന്നെ ' [10]

പണമില്ലാതെ ജീവിക്കാൻ കഷ്ടപ്പെടുന്ന  സ്ത്രീ ജീവിതത്തിന്റെ അനേകം ചിത്രങ്ങൾ കവിതയിൽ ആവിഷ്കരിക്കപ്പെടുന്നു.പലിശക്കാരനിൽ നിന്നും കടം വാങ്ങിയ പണം തിരിച്ചടക്കാനാകാതെ വരുമ്പോൾ പലിശക്കാരന്റെ അടിവസ്ത്രം പോലുമില്ലാത്ത തെറിയെ പേടിക്കേണ്ടി വരുന്നു.വീട്ടിൽ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ പോലും കഞ്ഞി വിളമ്പുന്നതിനുള്ള അമ്മയുടെ പിശുക്ക് കാണേണ്ടി വരുന്നു. ജീവിത ഭാരങ്ങൾ പേറി ചെരുപ്പ് പോലും തേഞ്ഞു തീരുന്നു. എന്തിന് ഭിക്ഷക്കാരനിൽ നിന്ന് പോലും പരിഹാസച്ചിരി ഏറ്റുവാങ്ങേണ്ടി വരുന്നു.വണ്ടിക്കൂലി പോലും കൊടുക്കാനില്ലാതെവരുമ്പോൾ കൂട്ടുകാരന്റെ വക തമാശ, ചായക്കടക്കാരൻ കുമാരേട്ടന്റെ ദുർമുഖം എല്ലാം കാണുമ്പോൾ പൈസയുള്ള നിന്നെ പേടിയാണെന്ന് സ്ത്രീ പറഞ്ഞു പോകുന്നു. പണമില്ലാത്തതിനാൽ തന്നെത്തന്നെ പേടിക്കേണ്ടിവരുന്ന ഒരു അവസ്ഥയിലാണ് കവിതയിലെ സ്ത്രീ .

ജീവിക്കാൻ  വകയില്ലാതാകുമ്പോൾ ചുറ്റുപാടിൽ നിന്നും പോലും പരിഹാസങ്ങളും കുത്തുവാക്കുകളും  സ്ത്രീക്ക് ഏറ്റുവാങ്ങേണ്ടി വരുന്നു. ഭിക്ഷക്കാരന്റെ മുൻപിൽ പോലും തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കവിതയിലെ സ്ത്രീക്ക് സാധിക്കുന്നില്ല.

### 1.3 ദേവസേനയുടെ കവിതകളിലെ സ്ത്രീ

മലയാളത്തിലെ ബ്ലോഗ്കവിതയിൽ സ്വന്തം വ്യക്തിത്വം കൊണ്ട്  വേറിട്ട് നിൽക്കുന്ന ഒരു കവയിത്രിയാണ് ദേവസേന. ഉടലുകളുടെ പരിമിതികളേൽപ്പിക്കുന്ന ആഘാതങ്ങളെ മറയില്ലാതെ തുറന്നെഴുതി ബ്ലോഗിടത്തിൽ സ്വന്തമായൊരു ഇടം കണ്ടെത്താൻ ദേവസേന എന്ന കവയത്രിക്കു കഴിഞ്ഞു11. 'കവിതയുടെ മഴക്കാലം'   എന്ന സ്വന്തം ബ്ലോഗിലൂടെയാണ് ദേവസേന തന്റെ കവിതകളെ ലോകത്തിനു മുൻപിലേക്കെത്തിക്കുന്നത്. സ്ത്രീ അനുഭവിക്കുന്ന ദുരിതങ്ങളുടെ ബാക്കിപത്രമാണ് ദേവസേനയുടെ ഓരോ കവിതകളും .'ഉടലറിവുകൾ' എന്ന ദേവസേനയുടെ കവിത ഇതിനുദാഹരണമാണ്.

‘അടുത്തറിയുന്നവരൊക്കെ മനസ്സിലാക്കിയിരിക്കണം

പെണ്ണിന്റെ ഉടലെങ്കിലും

ആണിന്റെ ഉള്ളാണെനിക്കെന്ന്

അതാവാം മരുന്നിനുപോലും

സ്ത്രീ സുഹൃത്തുക്കൾ

ഇല്ലാതിരിക്കുന്നത്

പെൺജാഡകളും കസവാടങ്ങളും കണ്ട്

മൗനം കൊണ്ടും കണ്ണുകൊണ്ടും

പരസ്പരം കുന്നായ്മകൾ പറഞ്ഞു

അടക്കിപ്പിടിച്ച് നൂറ് പരാധീനതകൾ

കൈമാറി

സ്കൂൾ ഫീസ് കൂടിയത്

അമ്മ ആശുപത്രിയിലായത്

ഒരിക്കലുമൊടുങ്ങാത്ത വീട്ടുപണികൾ

ലക്കു കെട്ടട്ടെത്തുന്ന

ആർത്തവ ചക്രങ്ങൾ

തിരക്കു കൂട്ടിയാക്രമിക്കുന്ന

ജരാനരകൾ'[12]

വീട്ടിലെ ദാരിദ്ര്യം മൂലം ഭർത്താവ് തൊഴിൽ തേടി ഗൾഫിലേക്ക് കുടിയേറിയതോടെ കുടുംബഭാരം സ്ത്രീയുടെ ചുമലിലാകുന്നു.കുട്ടികളുടെ വിദ്യാഭ്യാസവും അടുക്കളയുടെ മേൽനോട്ടവും എല്ലാം അവളെ ക്ഷീണിതയാക്കുന്നു.ലക്കു കെട്ടെത്തുന്ന ആർത്തവചക്രങ്ങൾ അവളെ ഒന്നുകൂടി തളർത്തി കളയുന്നു. ഇങ്ങനെ ദൈനംദിനജീവിതത്തിൽ സ്ത്രീ അനുഭവിക്കുന്ന നരകയാതനകൾ കവിതയിലൂടെ കവയിത്രി തുറന്നു കാണിക്കുന്നു.

കുടുംബത്തിന്റെ ഭാരം പേറി നടക്കുമ്പോൾ പെൺജാഡകളും കസവാടകളും കണ്ട് മൗനം കൊണ്ടും കണ്ണുകൊണ്ടും പരസ്പരം കുന്നായ്മകൾ പറഞ്ഞും നൂറ് പരാധീനതകൾ പറഞ്ഞും ആശ്വസിക്കാനേ അവൾക്കു കഴിയുന്നുള്ളൂ.

കുടുംബത്തിന്റെ ദാരിദ്ര്യം ഇല്ലാതാക്കാനായി ഗൾഫിലേക്ക് ചേക്കേറിയ ഭർത്താവിന്റെ അപദാനം പാടുമ്പോഴും നാഥനില്ലാത്ത വീടിന്റെ ഭാരം ചുമലിലേൽക്കേണ്ടിവരുന്ന സ്ത്രീയുടെ പ്രയത്നം ആരും മനസ്സിലാക്കുന്നില്ല എന്ന ഒരു പരിഭവത്തിന്റെ ധ്വനിയും കവിതയിൽ ഒളിഞ്ഞിരിപ്പുണ്ട്.

സാഹചര്യങ്ങൾ ഓരോ സ്ത്രീയെയും അടിമുടി മാറ്റുന്നതിനുള്ള ഉത്തമഉദാഹരണമാണ് ദേവസേനയുടെ' പെൺമക്കൾ' എന്ന കവിത.

' പരിഭവമൊന്നുമില്ല

വിളിച്ചോളൂ

അറുപിശുക്കിയെന്നു തന്നെ

വിളിച്ചോളൂ.

എന്നാലും ധൂർത്തത്തിയാവാൻ

കഴിയില്ല

പെപ്സി  വാങ്ങുമ്പോൾ

ഒന്നിനെ പതിമൂന്ന് കൊണ്ട്

ഗുണിക്കാൻ പഠിപ്പിച്ചത്

അപ്പനല്ല

അമ്മയല്ല

കെട്ടിയോനല്ല

ജീവിതവും

ജീവിതം തന്ന പെൺമക്കളുമാണ്'[13]

തന്നെ ആളുകൾ അറുപിശുക്കിയെന്ന് വിളിക്കുമ്പോഴും അമ്മയ്ക്ക് അതിലൊന്നും പരിഭവമില്ല. കാരണം സാഹചര്യങ്ങളാണ് അവർക്ക് ആ പേര്  നൽകി

യത്.രണ്ട് പെൺമക്കൾക്ക്  നല്ല വിദ്യാഭ്യാസം നൽകാനും നല്ലൊരു ജീവിതം ലഭിക്കാനുമായാണ് അവർ  അറുപിശുക്കിയായി മാറുന്നത്. ഇത്തരത്തിൽ ഓരോ സാഹചര്യങ്ങളാണ് സ്ത്രീയെ അടിമുടി മാറ്റുന്നത്.ഒരു നല്ല വസ്ത്രം ധരിച്ചു നടക്കാനോ അല്ലെങ്കിൽ ഇഷ്ടമുള്ള നല്ല ഭക്ഷണം വാങ്ങി കഴിക്കാനോ അവൾക്ക് കഴിയാറില്ല .സാഹചര്യങ്ങൾ അതിന് അവളെ അനുവദിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

'ഒരു സാരി വാങ്ങിയ കാലം

ഓർമ്മയില്ല

ഞാനെന്നേ പാപ്പരായി

പണ്ടേ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്

മീൻ ചന്തയിൽ

ചാളയാണ് വിറ്റാമിൻ കൂടിയ ഇനമെന്ന്

ഓടിക്കിതച്ചെത്തും ആരോഗ്യചിന്ത

ക്രെഡിറ്റ് കാർഡിന് താമസപ്പിഴ

അടക്കുന്നവരെ കണ്ട്

ധനികർക്കല്പം മറവിയാകാമെന്ന്

കുശുമ്പു കുത്താം.

മിസ് കോൾ അടിക്കാൻ

പൈസയൊന്നുമാവില്ലെടീന്ന്

കടലിനപ്പുറത്തു നിന്ന് ഒരു തമാശ

എസ്സ്.എമ്മം.എസ്സായെത്തും

അറീയ്യോ,

രണ്ട് പെൺമക്കളാണെനിക്ക്'[14]

സ്വന്തമായി ഒരു സാരി വാങ്ങണമെന്ന ആഗ്രഹംപോലും... മാറ്റിവയ്ക്കുന്നു, മീൻ ചന്തയിൽ നിന്നും ഏറ്റവും വിലകുറഞ്ഞ മീൻ വാങ്ങിയും മിസ്കോൾ അടിച്ചുമെല്ലാം അവർ പിശുക്ക് കാണിക്കുന്നത് തന്റെ രണ്ട് പെൺമക്കൾക്ക് വേണ്ടിയാണ്

വെടിപ്പില്ലാത്തവളെന്ന്

വേലക്കാരിയെ പിരിച്ചയച്ചും

സമയലാഭമെന്ന്

പ്രഷർകുക്കറിൽ വേവിച്ചും

എടുത്താൽ പൊന്താത്ത

കമ്പിളികൾ നടുവൊടിഞ്ഞലക്കിയും

സൂക്കേടുകൾ സ്വയം ചികിത്സിച്ചും

ഹെന്നയിടൽ മാസത്തിലൊന്നാക്കികുറച്ചും

വിങ്സില്ലാത്ത നാപ്കിൻ പാഡുകൾ

മതിയെന്നും

കുറച്ചൊക്കെ ലാഭിക്കുന്നു

രണ്ടു പെൺമക്കളെ മാന്യമായി

അയക്കേണ്ടതുണ്ട് '[15]

വെടിപ്പില്ലാത്തവളെന്ന് പറഞ്ഞ് വേലക്കാരിയെ പറഞ്ഞുവിട്ടതും സമയലാഭത്തിനായി പ്രഷർകുക്കറിൽ വേവിക്കുന്നതും എടുത്താൽ പൊന്താത്ത കമ്പിളികളെല്ലാം തന്നെ നടുവൊടിഞ്ഞലക്കുന്നതും സൂക്കേടുകൾ വരുമ്പോൾ ആശുപത്രിയിൽ പോയി മരുന്നു വാങ്ങാതെ സ്വയം ചികിത്സിക്കുന്നതും ഹെന്നയിടുന്നത് മാസത്തിലൊന്നാക്കി ചുരുക്കിയതുമെല്ലാം പെൺമക്കളെ മാന്യമായി പറഞ്ഞയക്കണമെന്ന ചിന്ത അവളുടെയുള്ളിൽ ഉള്ളതുകൊണ്ടാണ്.

ഇത്തരത്തിലാണ് നമുക്ക് ചുറ്റും കാണുന്ന ഓരോ സ്ത്രീജീവിതവും. കുടുംബഭാരങ്ങൾ ചുമക്കുന്നതിനിടയിൽ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പോലും വേണ്ടയെന്ന് വയ്ക്കേണ്ടി വരുന്ന സ്ത്രീയുടെ നിസ്സഹായതയും പരിഭവങ്ങളുമെല്ലാം പങ്കുവയ്ക്കാൻ ബ്ലോഗുകവിതകളിലൂടെ ദേവസേനയ്ക്കു കഴിഞ്ഞു.

**1.4 സാമൂഹ്യമാധ്യമയിടങ്ങളിലെ കവിത**

സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന രചനകളും സൈബർസാഹിത്യത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന രചനകളിലധികവും കവിതകളാണ്. സാമൂഹികവ്യവസ്ഥിതികളോടുള്ള പ്രതികരണങ്ങൾ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളോടുള്ള പ്രതിഷേധങ്ങൾ എന്നിങ്ങനെയുള്ള സമകാലിക വിഷയങ്ങളാണ് സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കവിതകളിലധികവും കൈകാര്യം ചെയ്യുന്നത് .

ഭൂതകാലഭാരം തീരെയില്ലാത്ത ബിംബങ്ങൾ,അസോസിയേഷനുകൾ, ഗദ്യതാളങ്ങൾ, ഘടനകൾ, വാക്സം യുക്തങ്ങൾ, ലജ്ജയില്ലാതെയുള്ള ഇംഗ്ലീഷിന്റെ ഉപയോഗം വ്യത്യസ്തമായ കൃതിയുടെയും സംസ്കാരങ്ങളുടെയും സാന്നിധ്യം. എന്നിവ സാമൂഹ്യമാധ്യമ കവിതകളുടെ പൊതുസ്വഭാവങ്ങളാണ്.[16]

സമീപകാലത്ത് സാമൂഹ്യമാധ്യമങ്ങളിലും ദിനപത്രങ്ങളിലും എല്ലാം നിറഞ്ഞുനിന്ന സംഭവമായിരുന്നു മണിപ്പൂരിൽ സ്ത്രീകളെ നഗ്നരാക്കി നടത്തിച്ച സംഭവം. രാജ്യവ്യാപകമായി കോളിളക്കം സൃഷ്ടിച്ച ഒരു വാർത്തയാണിത്. ഈയൊരു സംഭവവുമായി ബന്ധപ്പെട്ട് നിരവധി എഴുത്തുകാർ സാമൂഹ്യമാധ്യമങ്ങളിലൂടെ സംഭവത്തോടുള്ള പ്രതിഷേധസൂചകമായി ഏതാനും കവിതകൾ രചിക്കുകയുണ്ടായി.അത്തരത്തിൽ ശ്രദ്ധേയമായ ഒരു കവിതയാണ് സ്മിത സ്റ്റാൻലി എഴുതിയ 'നഗ്നതയ്ക്കെന്ത് നാണം 'എന്ന കവിത. മണിപ്പൂർ സംഭവത്തിനെതിരെയുള്ള പ്രതിഷേധമാണ് ഈ കവിതയിലുട നീളം അലയടിക്കുന്നത്.

'നാണമില്ലാത്തവന്റെ മുൻപിൽ

നഗ്നതയ്ക്കെന്ത് നാണം

ലജ്ജയില്ലാത്തവന്റെ മുൻപിൽ

സ്ത്രീത്വത്തിനെന്ത് അപമാനം

ക്രൂരതകൾ ഇവിടെ തുടരുന്നു

ക്രൂരന്മാരോ യഥേഷ്ടം വാഴുന്നു

മനുഷ്യന് ഹൃദയം ഇല്ലാതായാൽ

മണ്ണും പെണ്ണും വിണ്ണും പുണ്ണും ഒന്ന് '[17]

സ്ത്രീത്വത്തിന് യാതൊരു വിലയും കൊടുക്കാതെ അവളെ സമൂഹത്തിനു മുൻപിൽ നഗ്നയാക്കി നടത്തിയ ലജ്ജയില്ലാത്തവൻമാരുടെ മുൻപിൽ സ്ത്രീത്വത്തിനെന്ത് അപമാനമെന്ന് എഴുത്തുകാരി ചോദിക്കുന്നു.തുടർന്നുള്ള വരികളിൽ ഹൃദയശൂന്യരായ നരാധമൻമാരുടെ ക്രൂരതകളെയും ഭരണാധികാരികളുടെ മൗനത്തെയും കവയിത്രി ചോദ്യം ചെയ്യുന്നുണ്ട്

' നീതിദേവതയുടെ കണ്ണുകളെ

മൂടിയ കച്ച പോലും ദുഖിക്കുന്നു

അനീതിയുടെ കാവൽ നായകളുടെ

അഴിഞ്ഞാട്ടം തുടരുന്നു '[18]

നീതിദേവതയുടെ കണ്ണുകളെ മൂടിയ കച്ച പോലും ദുഖിക്കുമ്പോൾ ഇതെല്ലാം കണ്ടില്ല കേട്ടില്ല എന്ന് നടിച്ച് അനീതി നടത്തുന്ന കാവൽനായകളുടെ അഴിഞ്ഞാട്ടം തുടർന്നുകൊണ്ടിരിക്കുന്നുവെന്നും  കവയത്രി നൈരാശ്യപ്പെടുന്നു. മണിപ്പൂർ സംഭവത്തിനെതിരെയുള്ള ഒരു പ്രതികരണം തന്നെയാണീ കവിത.ഒരുപക്ഷേ സമൂഹം ഭരിക്കുന്ന രാഷ്ട്രീയ മുന്നണികളോട് വാദിച്ചു ജയിക്കാൻ സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ പ്രയാസമായിരിക്കും.എന്നാൽ സാമൂഹ്യമാധ്യമങ്ങൾ പോലുള്ള ഇടം ആർക്കും ആരെയും ഭയക്കാതെ ഏതു വിധേനയും പ്രതികരണം അറിയിക്കാനുള്ള  ഒരിടമാണ് എന്നതിന്റെ  ഉത്തമ ഉദാഹരണമായി ഈ കവിത മാറുന്നു.

സാമൂഹ്യമാധ്യമ ഇടങ്ങളിലെ സ്ത്രീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കവിതകളിൽ ശ്രദ്ധേയമായ മറ്റൊരു കവിതയാണ് രജിതാ രാജീവിന്റെ  'സ്ത്രീ'

' അമ്മ' എന്ന പദങ്ങളിൽ

മാത്രമല്ല

എവിടെയും പൂജിക്കപ്പെടേണ്ടവൾ

തന്നെയാണ് സ്ത്രീ

നിന്റെ കുഞ്ഞുങ്ങളെ താരാട്ടു

പാടിയുറക്കി

നിന്റെ വരവിനായി രാവിൽ

ഉമ്മറപ്പടിയിൽ കാത്തിരുന്നവളും

സ്ത്രീ തന്നെ

ഇരവിന്റെ നിശബ്ദതയിൽ

നീ പിച്ചിചീന്തിയെറിഞ്ഞ

നഗ്നമേനിയും സ്ത്രീതന്നെ

നീയെന്ന ഭ്രൂണത്തെ

പത്തുമാസം വയറ്റിൽ ചുമന്നു

ശപിക്കപ്പെട്ടവളും സ്ത്രീ തന്നെ

അമ്മയുടെ അനുഗ്രഹത്തിനായി

ആരാധനാലയങ്ങൾ കയറുമ്പോൾ

ഒന്നു തിരിഞ്ഞു നോക്കുക

അവിടെ അടുക്കളയുടെ കറുപ്പിൽ

നീ കാണാതെപോയ രൂപം

നിന്നെ നോക്കി

അവിടെ നിൽപ്പുണ്ടാവാം '

സ്ത്രീ അമ്മയാണ്, നിന്റെ കുഞ്ഞിനെ താരാട്ടുപാടിയുറക്കിയതും നിന്റെ വരവും കാത്ത് ഉമ്മറപ്പടിയിൽ കാത്തിരുന്നതും ഇരുളിന്റെ മറവിൽ പിച്ചീന്തിയെറിയപ്പെട്ടവളും സ്ത്രീ തന്നെയാണെന്ന് കവിത ഓർമ്മിപ്പിക്കുന്നു. ഒപ്പം അധഃപതിച്ച ഒരു സമൂഹത്തിന്റെചിത്രവും കവിതയിലുണ്ട്.

സ്ത്രീയുടെ നൊമ്പരങ്ങളും അവർ അനുഭവിക്കുന്ന ദുരിതങ്ങളും അതേ തീക്ഷണതയോടെ തന്നെ രജിത രാജീവ് കവിതകളിൽ അവതരിപ്പിക്കുന്നു.

## കുറിപ്പുകൾ

1 വിഷ്ണുപ്രസാദ്, സമീപകവിത,2023

2 വിഷ്ണുപ്രസാദ്, സമീപകവിത,2023

3 വിഷ്ണുപ്രസാദ്, സമീപകവിത,2023

4 വിഷ്ണുപ്രസാദ്, സമീപകവിത,2023

5 വിഷ്ണുപ്രസാദ്, സമീപകവിത,2023

6 കുഴൂർ വിൽസൺ, കടത്തിയകവിതകൾ,2011

7 കുഴൂർ വിൽസൺ, കടത്തിയ കവിതകൾ , 2011

8 കുഴൂർ വിൽസൺ, കടത്തിയ കവിതകൾ , 2020

9 കുഴൂർ വിൽസൺ, കടത്തിയ കവിതകൾ,2020

10 കുഴൂർ വിൽസൺ, കടത്തിയ കവിതകൾ, 2007

11 മനോജ് ജെ. പാലക്കുടി, മലയാളസൈബർ സാഹിത്യം,2018,പുറം:253

12 ദേവസേന, കവിതയുടെ മഴക്കാലം

13 ദേവസേന, കവിതയുടെ മഴക്കാലം

14 ദേവസേന, കവിതയുടെ മഴക്കാലം

15 ദേവസേന, കവിതയുടെ മഴക്കാലം

16 സാം. എൻ. (എഡി), സമകാല മലയാളസാഹിത്യം ,2014 , പുറം:237

17 സ്മിത സ്റ്റാൻലി, കവിതകൾ kavitakal

18 സ്മിത സ്റ്റാൻലി, കവിതകൾ kavitakal

# ഉപസംഹാരം

## ഉപസംഹാരം

ഇന്റർനെറ്റിന്റെ ആവിർഭാവവും ഇതിനെത്തുടർന്നുണ്ടായ സൈബർ സംസ്ക്കാരത്തിന്റെ കടന്നുകയറ്റവും ജീവിതരീതികളിലും ഭാഷയിലും സാഹിത്യത്തിലുമെല്ലാം ഇന്ന് വളരെ വലിയ മാററങ്ങളാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. സൈബർ സംസ്കാരത്തിന്റെ കടന്നുകയറ്റം ഭാഷയെയും സാഹിത്യത്തെയും സ്വാധീനിച്ചതിന്റെ പരിണിതഫലമാണ് സൈബർസാഹിത്യം.

സ്വയം പ്രസാധനയിടം എന്ന നിലയിൽ സൈബറിടങ്ങൾ നവ എഴുത്തുകാർക്ക് മുൻപിൽ സാധ്യതകളുടെ ഒരു വലിയ ലോകമാണ് തുറന്നു നൽകുന്നത്.ബ്ലോഗെഴുത്തുകളും സാമൂഹ്യമാധ്യമങ്ങളിൽ അനുദിനം പ്രത്യക്ഷപ്പെടുന്ന സാഹിത്യസൃഷ്ടികളും സൈബർസാഹിത്യത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. സൈബർ രചനകളിലധികവും കവിതകളാണ്. സ്ത്രീ കേന്ദ്രീകൃതവും സമകാലിക രാഷ്ട്രീയസാഹചര്യങ്ങളോടുള്ള പ്രതികരണങ്ങളും പ്രതിഷേധങ്ങളുമാണ് ഭൂരിഭാഗം സൈബർകവിതകളുടെയും മുഖ്യ വിഷയം.സൈബറിടത്തിലെ സ്ത്രീസങ്കല്പം - തിരഞ്ഞെടുത്ത സൈബർകവികളെ മുൻനിർത്തിയുള്ള പഠനം എന്ന വിഷയുമായി ബന്ധപ്പെട്ട് സൈബർ കവിതകളെ ആഴത്തിൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളാണ് ഇവിടെ ക്രോഡീകരിച്ചിരിക്കുന്നത്

## നിഗമനങ്ങൾ

- സ്തീ എഴുത്തുകാരികളുടെയും പുരുഷ എഴുത്തുകാരുടെയും രചനകളിലെ സ്ത്രീ സ്വത്വാവിഷ്കാരം വ്യത്യസ്തമാണ്.
- പുരുഷ എഴുത്തുകാരുടെ കവിതകളിലധികവും പുരുഷന്റെ അവിഭാജ്യഘടകമെന്ന നിലയിൽ സ്ത്രീയെ മഹത്വവത്കരിക്കാനുള്ള ശ്രമങ്ങളാണ് കാണുന്നത്.
- ആധുനിക സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന സ്വത്വ പ്രതിസന്ധികളെയും തൊഴിലിടങ്ങളിലും കുടുംബങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന ജീവിതദുരിതങ്ങളെയും അടയാളപ്പെടുത്താനാണ് സ്ത്രീ എഴുത്തുകാരികളിലധികവും ശ്രമിക്കുന്നത്.
- പഴയകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എവിടെയിരുന്നുകൊണ്ടും ഭീതിയില്ലാതെ മനസ്സിലുള്ളതെന്തും തുറന്നെഴുതാനും പങ്കുവെയ്ക്കാനും സൈബറിട

ങ്ങൾ നൽകുന്ന സ്വാതന്ത്ര്യം സ്ത്രീകവിതകളുടെ ആഖ്യാനതലങ്ങളിൽ ഏറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


1 ജോസ് കെ. മാനുവൽ(എഡി.),*സൈബർ ആധുനികത സംവാദം സംസ്കാരം സംലയനം,* കോട്ടയം,ടേൺ ബുക്സ്, 2019.

2.മനോജ് ജെ. പാലക്കുടി, *മലയാള സൈബർ സാഹിത്യം*, തൃശൂർ, ഗ്രീൻ ബുക്സ്,2018.

3 വിശാൽ ജോൺസൺ, ഇന്റർനെറ്റ് വ്യവഹാരങ്ങളും മാറുന്ന മലയാളി ഭാവുകത്വവും, കോഴിക്കോട്, ആത്മ ബുക്സ്,2022.

4 സാം.എൻ. (എഡി), *സമകാല മലയാളസാഹിത്യം*, കോട്ടയം,കറന്റ് ബുക്സ്,2014.

5 സുനീത ടി.വി, *സൈബർകഥകളിലെ സ്ത്രീ*, തിരുവനന്തപുരം,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2015.

## ലേഖനസൂചി


1.https://www-encyclopedia-com.translate.goog/economics/encyclopedias-almanacs-transcripts-and-maps/cyberculture-society-culture-and-internet?_x_tr_sl=en&_x_tr_tl=ml&_x_tr_hl=ml&_x_tr_pto=tc

2.https://asianetbroadband-in.translate.goog/internet-come-existence/?_x_tr_sl=en&_x_tr_tl=ml&_x_tr_hl=ml&_x_tr_pto=tc

3.https://asianetbroadband-in.translate.goog/internet-come-existence/?_x_tr_sl=en&_x_tr_tl=ml&_x_tr_hl=ml&_x_tr_pto=tc

4.https://www.websiterating.com/ml/website-builders/glossary/what-is-blog/

5.http://icallitapricity.blogspot.com/2019/11/blog-post_82.html?m=1

6.http://sithuzavani.blogspot.com/2019/03/blog-post.html?m=1

7.https://cyberwing.skssf.in/131

8.http://devamazha.blogspot.com/?m=1

9.https://vishakham.blogspot.com/?m=1

10.http://prathibhasha.blogspot.com/?m=1